ഇറയം റിസർച്ച് ജേർണൽ

Volume 5 Issue 1

# സാവിത്രി രാജീവന്റെ**അമ്മയെ കുളിപ്പിക്കുമ്പോൾ**

## എന്ന കവിതയുടെധ്വനിപാഠങ്ങൾ

**ഡോ. ജമീൽ അഹ്മദ്**

കുളി എന്നത് ആണിനും പെണ്ണിനും വ്യത്യസ്തമായ അനുഭവമാണ്. ആണിന് അത് അത്ര രഹസ്യമല്ലാതെയും പൊതുവായും നിർവഹിക്കാനാകും. പൊതു കുളിസ്ഥലങ്ങളെന്നത് പലപ്പോഴും ആണിന്റെ ഇടമാണ്. ആണിനെപ്പോലെ സ്വതന്ത്രമായി ആ ഇടത്തിൽ പെരുമാറുന്നതിന് പെണ്ണിന് വിലക്കുകളുണ്ട് എന്നുമാത്രമല്ല അത് പൊതു സാമൂഹികസദാചാരത്തിന് എതിരുമാണ്.അഷിതയുടെ 'ഒത്തുതീർപ്പുകൾ' എന്ന കഥയിൽ മധ്യവർഗകുടുംബങ്ങൾ താമസിക്കുന്ന ഫ്ലാറ്റിനു പിന്നാമ്പുറത്തെ ചേരിയിലെ ലൈംഗികത്തൊഴിലാളിയായ കുപ്പമ്മയുടെ ഉറസ്സായ കുളി ഫ്ലാറ്റ്കുടുംബങ്ങളിൽ സൃഷ്ടിക്കുന്ന പുകപടലങ്ങളെ ആവിഷ്കരിക്കുന്നുണ്ട്. പുതിയ ക്യാമറക്കാലത്ത് പെണ്ണിന്റെ കുളി എത്ര സ്വകാര്യമായാലും ഭയത്തിന്റെ പാട മൂടിക്കിടക്കുന്ന ധിറുതിപിടിച്ച കടമതീർക്കലാണ് പലപ്പോഴും. അപരിചിത ഇടങ്ങളും തുറന്ന ഇടങ്ങളും പെണ്ണിനെ കുളിയുടെ ശത്രുവാക്കുന്നു. കുളി എന്ന സാംസ്കാരിക ചരം ( കൾച്ചറൽ വാര്യബ്ൾ) പെണ്ണിന്റെ ശരീരത്തെ നിരന്തരം പെണ്ണാക്കിക്കൊണ്ടിരിക്കുന്നുമുണ്ട്. മാസക്കുളി, നാല്പതുകുളി, പുലർച്ചെക്കുളി, കിടക്കുംമുമ്പുള്ള കുളി എന്നിങ്ങനെ അവളെ പലരീതിയിൽകുളിസ്ത്രീയായിപരുവപ്പെടുത്തുന്നു.

പെണ്ണ് പക്ഷേ, കുളിയിൽ അവളുടേതായ ആനന്ദം മുഴുവനും കണ്ടെത്തുന്നത് കുഞ്ഞിനെ കുളിപ്പിക്കുമ്പോഴാണ്. കുഞ്ഞിന്റെ ഓരോ അവയവത്തെയും അത്യധികം കരുതലോടെയും വാത്സല്യത്തോടെയും ജലംകൊണ്ട്പരിചരിച്ച് അവൾ ആ കുളിയെ ഏറ്റെടുക്കുന്നു. ആൺ സ്വന്തം കുളിയിലൂടെ മാത്രം അനുഭവിക്കുന്ന കേവലമായ ആഹ്ലാദത്തെ കുളിക്കുമുമ്പും ശേഷവും നീളുന്ന ഒട്ടനവധി സജ്ജീകരണങ്ങളിലൂടെ കുഞ്ഞിനെ കുളിപ്പിക്കുമ്പോൾ സ്ത്രീ ആവിഷ്കരിക്കുന്നുണ്ട്. കുഞ്ഞിനെ കുളിപ്പിക്കുക എന്ന ജോലി പൊതുവെ ആണുങ്ങൾ ഏറ്റെടുക്കാറില്ല. അമ്മയുടെ അത്രയും കരുതലും വാത്സല്യവും അച്ഛന് സാധ്യമാവുകയില്ല എന്നതുകൊണ്ടുകൂടിയാണ് അത്. ഇത്രയും സാംസ്കാരിക ചിഹ്നങ്ങളെ മുൻനിറുത്തി അമ്മ കുഞ്ഞിനെ കുളിപ്പിക്കുക എന്ന ഇമേജിനെമകൻ/മകൾഅമ്മയെ കുളിപ്പിക്കുമ്പോൾ എന്ന മറുനോട്ടത്തിലേക്ക് തിരിച്ചിടുകയാണ് സാവിത്രി രാജീവന്റെ 'അമ്മയെ കുളിപ്പിക്കുമ്പോൾ ' എന്ന കവിത.കവിതയെഴുതിയത് ഒരു പെണ്ണാണ് എന്നതുകൊണ്ട് കവിതയിലെ കർതൃത്വം മകളിലേക്ക് നല്കിയാണ് ഈ നിരീക്ഷണങ്ങൾ വികസിപ്പിച്ചിട്ടുള്ളത്. അമ്മയെ കുളിപ്പിക്കുമ്പോൾ എന്നാണ് കവിതയുടെ തലക്കെട്ട് എങ്കിലും കുഞ്ഞിനെ കുളിപ്പിക്കുന്നതിന്റെ അത്രയും ശ്രദ്ധാമസൃണമായ വാക്കുകളിലാണ് കവിതയുടെ നിർമിതി എന്നത് ശ്രദ്ധേയമാണ്. അമ്മ /കുഞ്ഞ് എന്ന ഭേദം ഇവിടെ നേർത്തതായി മാറുന്നു.

അമ്മ വെറുമൊരു ഉടലായിമാറിയ കാലത്താണ് മകൾ അമ്മയെ കുളിപ്പിക്കാനൊരുങ്ങുന്നത്. ഒരുപക്ഷേ , അത് വാർദ്ധക്യത്താലാകാം, മരണത്താലുമാകാം. ഒരർഥത്തിൽ ഏകാന്തവാർദ്ധക്യവും മരണവും ഒരേ ഫലമാണ് വ്യക്തിയിൽ ഉല്പാദിപ്പിക്കുന്നത് എന്നതുകൊണ്ട് രണ്ടിലേക്കും എത്താവുന്ന കാവ്യസൂചനകൾ നിക്ഷേപിച്ചുകൊണ്ടാണ് കവിത മുന്നോട്ടുപോകുന്നത്. ജീവനുള്ളതോ ജീവനുള്ളതിനു തുല്യമോ ആയ

ശരീരമായതുകൊണ്ടാണ് കുഞ്ഞിനെയെന്നപോലെയുള്ള കരുതൽ കുളിപ്പിക്കൽ എന്ന ക്രിയ ആവശ്യപ്പെടുന്നത്. വഴുതുക എന്നവാക്ക് ജലസാന്നിധ്യത്തെക്കൂടി സൂചിപ്പിക്കുന്നു. വെള്ളത്തിന്റെ ഇളംചൂട് ജീവന്റെകൂടി ഇളംചൂടാണ്. ശരീരത്തിൽ നിന്ന് വിട്ടുപോകാൻ മടിച്ചുനിൽക്കുന്ന ചൂടാണത്. അമ്മ കുഞ്ഞിനെ പണ്ടു കുളിപ്പിച്ചിരുന്ന എണ്ണയും താളിയും മണക്കുന്ന ഓർമകളെ പുതിയ കാലത്തിന്റെ സിന്തറ്റിക് മണങ്ങൾ കലർത്തി നശിപ്പിക്കരുത് എന്ന കാവ്യനിർദേശം അമ്മയുടെയും മകളുടെയും കാലവൈചിത്ര്യത്തെയും അടയാളപ്പെടുത്തുന്നു. അമ്മയുടെ കണ്ണുകൾ അത്രയും ദീർഘമായ കാലത്തിന്റെ കാഴ്ചയും കണ്ണീരുംകൊണ്ട് അവശമാണ് എന്നതുകൊണ്ടാണ് അത് സോപ്പുപതപ്പിച്ച് നീറ്റരുത് എന്ന് കവി നിർദേശിക്കുന്നത്.

പണ്ടുകാലത്ത് അമ്മ മകളെ കുളിപ്പിക്കു ന്ന സന്ദർഭങ്ങളിൽ അമ്മ അനുഭവിച്ച ആഹ്ലാദമാണ് വളകിലുക്കത്തിന്റെ ചിരിയൊച്ചകൾ. ഇന്ന് അമ്മയുടെ കൈകളിൽ ആ നിറങ്ങളും അലങ്കാരങ്ങളുമില്ല. ഏതൊരു സ്ത്രീയെയും പോലെ ആ ആനന്ദങ്ങളൊക്കെയും വറ്റിയകന്നിരിക്കുന്നു. മകൾ കുളിപ്പിക്കുമ്പോൾ കടിച്ചുരസിച്ച അമ്മയുടെ മോതിരം ഇന്ന് ഊർന്നുപോയിരിക്കുന്നു. വിരലിൽ നിന്ന് ഊർന്നുപോയ മോതിരം എന്ന കല്പന ഇവിടെ പ്രണയത്തിന്റെയും വിവാഹത്തിന്റെയും നഷ്ടപ്പെട്ട ഭർതൃജീവിതത്തിന്റെയും സൂചനകൾ നല്കുന്നു. ശകുന്തളയുടെ പ്രണയവും വിവാഹവാഗ്ദാനവും ഗർഭഭാരവും ആണ് ഊർന്നുപോയ മോതിരത്തിന്റെ സൂചനകൾ. പെണ്ണിന്റെ പ്രണയസ്മരണകളുടെ അടയാളം (അഭിജ്ഞാനം)കൂടിയാണ് അത്. ആണതിഥിയെ പരിചരിക്കാത്ത കുറ്റത്തിന് പെണ്ണിനെ പ്രണയസ്മരണകളിൽ നിന്ന് മുനിശാപം പുറത്താക്കുന്നു. ആണിനു മാത്രം പാകമാകുന്ന, അവൻ സമ്മാനിച്ച മോതിരമാണ് അവളുടെ സ്മരണകളുടെ ഏകാവലംബം. അത് ഊർന്നുപോകുന്നതോടെ ആണിന്റെ മറവിയുടെ ഭാരം അവൾ ചുമന്നു പ്രസവിക്കേണ്ടിവരുന്നു.

ആണിനാൽ തിരസ്കരിക്കപ്പെട്ട പെൺജീവിതം പ്രസവത്തോടെ വീണ്ടെടുക്കുന്ന ഓർമകളാണ് അമ്മയുടേത്. അതിന് ജീവിതത്തിന്റെ എഴുപതിനായിരം നിറഭേദങ്ങളുണ്ട്. ആ നിറഭേദങ്ങൾ അമ്മയുടെ കൈരേഖകളിൽ കുറിച്ചുവെച്ചിരിക്കുന്നു. റഫീക്ക് അഹമ്മദിന്റെ 'തീർന്നുപോയവർ' എന്ന കവിത ഇവിടെ വായിക്കാം. ഒരു പാതിരാത്രിയിൽ കവി അവിചാരിതമായി ഉണർന്നുപോയപ്പോൾ കാണുന്ന കാഴ്ച അമ്മ ഉറങ്ങാതിരിക്കുന്നതാണ്. 'എന്താണ് ഉറങ്ങാത്തത് ?' എന്ന മകന്റെ ഉപചാരപൂർവമായ ചോദ്യത്തിന് 'ഉറക്കംവരുന്നില്ല' എന്ന് പതിഞ്ഞ മറുപടി. അത് മകനെ അതിശക്തമായ ജീവിതചിന്തയിലേക്ക് തള്ളിയിടുന്നു. 'താരാട്ടു പാടിത്തന്നും / താലോലമാട്ടിത്തന്നും/ തന്നുടെ ഉറക്കമതത്രയും തീർന്നിട്ടാണ് ' ഉമ്മ ഇന്ന് ഉറക്കംവരാതിരിക്കുന്നത്. എന്നാൽ മകനോ, 'തൊട്ടിലാട്ടിയ കൈകൾ തൊട്ടകാലമേ മറന്ന് 'അമ്മയോടുള്ള അലംഭാവത്തിന്റെ വിസ്മൃതികളിൽ ഉണർച്ചയിലും ഉറങ്ങിത്തീരുന്നു. മകൻ /പുരുഷൻ അനുഭവിക്കുന്ന അഗാധമായ ആത്മനിന്ദയാണ് ഈ കവിത വായനയിൽ ഉളവാക്കുന്ന അസ്വസ്ഥത. എന്നാൽ സാവിത്രി രാജീവൻ മകൾ /സ്ത്രീ മാതൃപരിചരണത്തിലൂടെ അനുഭവിക്കുന്ന വിപരീതസൌഖ്യത്തെയാണ് ആവിഷ്കരിക്കുന്നത്.

അമ്മയെ കുളിപ്പിക്കുമ്പോൾ മകൾ അമ്മയെ തൊടും. മക്കളുടെ അപൂർവ സ്പർശത്തിനാൽ അമ്മയുടെ മൃതമായ ശരീരകോശങ്ങൾ ഉണരും. ശുഷ്കമായ ഓർമകളുടെ ചുളിവുകൾ നിവരും. നേരത്തെ സൂചിപ്പിച്ച മോതിരത്തെ സ്മൃതിയിലൂടെ വീണ്ടെടുക്കുകയാണ്. ദുഷ്യന്തന് ശകുന്തളയെക്കുറിച്ച ഓർമകൾ തിരിച്ചുകൊണ്ടുവരുന്നത് മത്സ്യത്തിന്റെ ഉദരം പിളർന്നുകിട്ടിയ മോതിരമാണല്ലോ. ഓർമകളുടെ ബലം വീണ്ടുകിട്ടുന്ന നിമിഷം അമ്മ വീണ്ടും കരുതലോടെ മകളെ കുളിപ്പിച്ചുതുടങ്ങും.അത് വിലകൊടുത്തു വാങ്ങാൻ കിട്ടുന്ന വിദേശസോപ്പുമണവും കൃത്രിമ പതയും കൊണ്ടല്ല, ഓർമകളുടെ താളിയും എണ്ണയും കൊണ്ടാണ്. പ്രകൃതിയുടെ ജീവതന്തുകളുടെ നനവുകൊണ്ടാണ്. അമ്മയും പ്രകൃതിയും ഇവിടെ ഒന്നാകുന്നു. അപ്പോൾ നഗരത്തിന്റെയും കാപട്യത്തിന്റെയും അഴുക്കുകൾകൊണ്ടു മൂടിയ മക്കളുടെ ശരീരവും മനസ്സും ശുദ്ധമായി ശുദ്ധമായി നിവരും. കവിതയുടെ ഈ വരികളിലെത്തുമ്പോൾ കുളി എന്ന ഇമേജ് സാധാരണ

ജലസ്നാനം അല്ലാതായി മാറുകയും മനസ്സിന്റെ അഴുക്കുകൾ കഴുകിക്കളയുന്ന ആത്മീയസ്നാനമായി മാറുകയും ചെയ്യുന്നു. അമ്മയെ കുളിപ്പിക്കുമ്പോൾ നാം സ്വന്തം കറകളെ വൃത്തിയാക്കുകയാണ് എന്ന ജീവിതപാഠം ഇവിടെ തെളിയുന്നു.

അപ്പോൾ, നാം നേടിയ ആ ആത്മവിശുദ്ധിക്ക് പ്രതിഫലമായി അമ്മയ്ക്ക് തിരിച്ചു നല്കേണ്ടത് ഒരു ചുംബനം മാത്രമാണ്. കുട്ടിയായപ്പോൾ അമ്മ നിനക്കു നല്കിയ ലക്ഷക്കണക്കിന് ഉമ്മകൾക്കൊക്കെയും നീ കടംവീട്ടേണ്ട. അതിൽ നിന്ന് ഒരു ചുംബനം മാത്രം മതി അമ്മയ്ക്ക്. വൃദ്ധയായ അമ്മയ്ക്ക് മകൾ നല്കുന്ന ഏക ചുംബനം ലക്ഷക്കണക്കിന് മാതൃചുംബനങ്ങളുടെ മൂല്യമുള്ളതാണ് എന്ന് തിരിച്ചും വായിക്കാം. കാരണം അമ്മയെ കുളിപ്പിക്കുന്ന മക്കൾ ശയ്യാവലംബിയായ സ്വന്തം സംസ്കാരത്തെതന്നെയാണ് കുളിപ്പിക്കുന്നത്.